**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4314** **21/03/2018 ൽ മറുപടിയ്ക്ക്.**

## അർദ്ധസൈനികന്റെ കുടുംബത്തിന് ജപ്തി ഭീഷണി

**ചോദ്യം**
**ശ്രീമതി യു.പ്രതിഭ ഹരി**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | അർദ്ധസൈനിക സേവനത്തിനിടെ 2013 ഡിസംബർ 11ന് മരണപ്പെട്ട കാർത്തികപ്പള്ളി പുതുക്കണ്ടം ശ്രീരാഗത്തിൽ രാജൻ 2009ൽ വീട് വയ്ക്കുവാനായി എടുത്ത 490000 രൂപയുടെ വായ്പ മേൽ 5,25,625 രൂപ അടച്ചിട്ടും പിഴപലിശയുടെ പേരിൽ കുടുംബത്തിന് ജപ്തി ഭീഷണി നേരിടുന്നു എന്ന് സൂചിപ്പിച്ച് രാജന്റെ വിധവ രാഖി നൽകിയിട്ടുള്ള പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ കുടുംബത്തെ സഹായിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിയുമോ ; വിശദമാക്കാമോ ? | (ബി) | പ്രസ്തുത അപേക്ഷയിന്മേൽ ജില്ലാകളക്ടർ മുഖേന അന്വേഷണം നടത്തിയിട്ടുണ്ട്. അപേക്ഷകയ്ക്ക് വരുമാനം ഉണ്ട് എന്നതുകൊണ്ടും മതിയായ ജാമ്യവസ്തുവിന്മേലാണ് വായ്പ നൽകിയിട്ടുള്ളത് എന്നതുകൊണ്ടും വായ്പ ഈടാക്കാതിരിക്കാൻ നിർവ്വാഹമില്ലെന്നാണ് ബാങ്ക് അറിയിച്ചിട്ടുള്ളത്. ജപ്തിനടപടി ഒഴിവാക്കി വായ്പായിളവ് നൽകുന്ന കാര്യം പരിഗണിക്കണമെന്ന് സർക്കാർ ബാങ്കിനോട് അഭ്യർത്ഥിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ.